LIBRARY ARCHIVES,Kerala Legislative Assembly

പട്ടികജാതി യുവാക്കൾക്ക് കമ്പ്യൂട്ടർ പഠനത്തിലൂടെ തൊഴിലവസരം

323(2792) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 35 വയസ്സിന് താഴെയുള്ള പട്ടികജാതി യുവാക്കൾക്ക് കമ്പ്യൂട്ടർ പഠനത്തിലൂടെ തൊഴിൽ ലഭ്യമാക്കുന്നതിനുവേണ്ടി നടത്തിയ സോഷ്യൽ ട്രെയിനിംഗ് പ്രോഗ്രാമിനായി ഓരോ വർഷവും വകയിരുത്തിയ തുക എത്രയാണെന്നും ചെലവാക്കിയ തുകയെത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) ഓരോ വർഷവും പരിശീലനം നൽകുന്നതിനായി ഏതെല്ലാം ഏജൻസികൾക്ക് എത്ര തുക വീതം നൽകിയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പരിശീലനം വഴി എത്ര യുവാക്കൾക്ക് തൊഴിൽ അവസരമോ സ്ഥിരമായോ താൽക്കാലികമായോ ജോലിയോ ലഭിച്ചുവെന്ന് വിലയിരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 35 വയസ്സിന് താഴെയുള്ള 1120 പട്ടികജാതി യുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനുവേണ്ടി കമ്പ്യൂട്ടർ കോഴ്സുകളിൽ പരിശീലനം നൽകുന്നതിനായി കെൽട്രോണിന് 2011-12 സാമ്പത്തിക വർഷം 285.60 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. മറ്റ് ഏജൻസികൾക്ക് തുക നൽകിയിട്ടില്ല.

(സി) വിലയിരുത്തിയിട്ടുണ്ട്. 320 പേർക്ക് കെൽട്രോൺ പ്ലേയ്സ്മെന്റ് നൽകിയിരുന്നെങ്കിലും 100 ഓളം വിദ്യാർത്ഥികൾ ഉന്നതവിദ്യാഭ്യാസം നേടുന്നതിനായി പ്ലെയ്സ്മെന്റ് നിരസിച്ചതായും ബാക്കിയുള്ളവർ ലഭ്യമായ അവസരങ്ങളിൽ തൃപ്തരല്ലെന്നും കെൽട്രോൺ അറിയിച്ചിട്ടുണ്ട്.

പട്ടികജാതി ഉദ്യോഗാർത്ഥികളുടെ പ്രത്യേക നിയമനം

324(2793) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിൽ പട്ടികജാതി വിഭാഗത്തിലെ ഉദ്യോഗാർത്ഥികളുടെ പ്രത്യേക നിയമനം വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധിച്ച പരിശോധനയ്ക്കായി സർക്കാർ ഉന്നതതല സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) പ്രസ്തുത സമിതി സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് മേശപ്പുറത്തു വയ്ക്കുമോ?

ഉത്തരം

(എ&ബി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സംവരണം ചെയ്തിട്ടുള്ള ഒഴിവുകളിൽ ചില വകുപ്പുകളിലെ ചില ഒഴിവുകളിൽ ഉദ്യോഗാർത്ഥികളുടെ നിയമനം വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ പ്രത്യേക നിയമനം സംബന്ധിച്ച പരിശോധനയ്ക്കായി 12-6-2015-ലെ സ.ഉ.(എംഎസ്.) നമ്പർ 172/15/പൊ.ഭ.വ. പ്രകാരം ശ്രീ. വി. ജെ. കര്യൻ, അഡീഷണൽ ചീഫ് സെക്രട്ടറി (ജലവിഭവ വകുപ്പ്) ചെയർമാനായും, പട്ടികജാതി വികസന വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, പൊതുഭരണ വകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളായും ഉന്നതതല സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതി വിവിധ വകുപ്പ് മേധാവികളുമായും പബ്ലിക് സർവ്വീസ് കമ്മീഷനുമായും ചർച്ച നടത്തി നിയമന നടപടികൾ ത്വരിതപ്പെടുത്തുന്നതിനു വേണ്ട നടപടി സ്വീകരിച്ചുവരുന്നു.

(സി) റിപ്പോർട്ട് നൽകിയിട്ടില്ല.

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വായ്പാ കുടിശ്ശിക തിരിച്ചടവ്

325(2794) ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരെ വായ്പാ കുടിശ്ശിക തിരിച്ചടവിൽ നിന്നൊഴിവാക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരെ എല്ലാ ധനകാര്യ സ്ഥാപനങ്ങളിലെയും വായ്പാ കുടിശ്ശിക പൂർണ്ണമായും തിരിച്ചടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഇതു സംബന്ധിച്ച എന്തെങ്കിലും നടപടികൾ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly